## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം – വകുപ്പിലെ ക്ലാർക്ക് തസ്തികകളില് ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാര്ക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽതസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014.
2. സ.ഉ. (പി) നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014.
3. സ.ഉ. (പി) നം. 16/2015/ഉ.ഭ.പ.വ തീയതി 28/05/2015.
4. സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019.
5. G.O.(P) No 4/2020/P&ARD Dt 22/01/2020.
6. സ.ഉ. (അച്ചടി) നം 6/2022/ ഉ.ഭ.പ.വ തീയതി 21/07/2022.
7. 02/02/2023-ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ WCD/E8/5168/2021 നമ്പർഉത്തരവ്.
8. 16/03/2023-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ സ.ഉ(അച്ചടി) നം.4/2023/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
9. 26/07/2025-ലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/1100/2025-E4 നമ്പർ ഉത്തരവ്.
10. 18/08/2025-ലെ പുനലൂർ അർബൻ ശിശു വികസന പദ്ധതി ഓഫീസറുടെ ICDS/PLR/A1-167/2025 നമ്പർ ഉത്തരവ്.
11. 28.02.2026-ലെ പാറക്കടവ് ശിശു വികസന പദ്ധതി ഓഫീസറുടെ ICDS/PRK/A1/1190/24 നമ്പർ കത്ത്.
12. 10.09.2025 ലെ പാറശ്ശാല ശിശു വികസന പദ്ധതി ഓഫീസറുടെ ICDS/PSLA/659/2025 നമ്പർ കത്ത്.

**ഉത്തരവ് നം: DWCD/1100/2025-E4 തീയതി: 07-03-2026**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക്, എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം 1 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ സംസ്ഥാനതല സംയുക്ത സീനിയോരിറ്റി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നം.44 വരെയുള്ളവർക്ക് പരാമർശം (9) പ്രകാരം ക്ലാർക്കായി ബൈട്രാൻസ്ഫർ നിയമനം നൽകിയതിലൂടെ വകുപ്പിൽ 20 ജീവനക്കാർ ഈ വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു വന്നിരുന്നു. ബൈ ട്രാൻസ്ഫർ നിയമനം മുഖേന ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ഒരു ജീവനക്കാരൻ പരാമർശം (10) പ്രകാരം പെൻഷൻ പ്രാരംഭ അവധിയിൽ

പ്രവേശിച്ചതിനാലും പരാമർശം (11) പ്രകാരം ഒരു ജീവനക്കാരി പെൻഷൻ ആയതിനാലും തസ്തികമാറ്റത്തിന് രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാന തല സംയുക്ത സീനയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ പ്രദീപൻ പി (സീനിയോറിറ്റി നം.45) വകുപ്പ് വിട്ടു പോയിട്ടുള്ളതിനാൽ സംസ്ഥാന തല സംയുക്ത സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 46 ,47 ആയി ഉൾപ്പെട്ട രണ്ട് ജീവനക്കാർക്ക് ചുവടെ വിവരിക്കും പ്രകാരം ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിനു അർഹതയുണ്ട്.

| ക്രമ നം. | ജീവനക്കാരുടെ പേര്,തസ്തിക | സംയുക്ത സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ പ്രദീപൻ പി | 45 | വകുപ്പ് വിട്ടു പോയി. |
| 2. | ശ്രീ വിജിത്ത് വി കെ | 46 | സർവ്വീസിൽ തുടരുന്നു. |
| 3. | ശ്രീമതി മനിത കെ<br>ഓഫീസ് അറ്റൻഡന്റ്<br>മഹിളാ മന്ദിരം<br>കോഴിക്കോട് | 47 | സർവ്വീസിൽ തുടരുന്നു. |

ഈ സാഹചര്യത്തിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരും ഉൾപ്പെട്ട സംസ്ഥാന തല സംയുക്ത സീനിയോരിറ്റി ലിസ്റ്റിലെ രണ്ട് ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം ടിയാളുകളുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം. | ജീവനക്കാരുടെ പേര്, തസ്തിക, കാര്യാലയം | സംയുക്ത സീനിയോരിറ്റി ലിസ്റ്റിലെ ക്രമ. നം. | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.വിജിത്ത് വി കെ,<br>ഓഫീസ് അറ്റൻഡന്റ്,<br>ICDS വടകര അർബൻ.<br>PEN No:422632 | 46 | ICDS പാറശ്ശാല<br>തിരുവനന്തപുരം |
| 2 | ശ്രീമതി മനിത കെ<br>ഓഫീസ് അറ്റൻഡന്റ്<br>മഹിളാ മന്ദിരം<br>കോഴിക്കോട് | 47 | ക്ലാർക്ക്<br>ICDS കണ്ണൂർ അർബൻ<br>കണ്ണൂർ |

സംസ്ഥാനതല സംയുക്ത സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ടിയാളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോരിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ

തസ്തിക മാറ്റം നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോരിറ്റി നിർണ്ണയിക്കുന്നത്.

വകുപ്പിൽ തസ്തികമാറ്റ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ ഐസി.ഡി.എസ് പാറശ്ശാലയിൽ നിയമനം ലഭിച്ച ശ്രീമതി. ഷീല കെ എന്ന ജീവനക്കാരി മാതൃ ജില്ലയായ കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (12) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.. പരാമർശം (6) പ്രകാരമുള്ള ഉത്തരവിൽ തസ്തികമാറ്റ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ മാതൃ ജില്ലയിൽ തന്നെ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ തസ്തികമാറ്റ നിയമനം ലഭിച്ച ജീവനക്കാരിക്ക് ചുവടെ പറയും പ്രകാരം ടിയാളുടെ മാതൃ ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ. നം. | പേര്, തസ്തിക, കാര്യാലയം | സ്ഥലമാറ്റം അനുവദിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീമതി. ഷീല കെ<br>ക്ലാർക്ക്<br>ICDS പാറശ്ശാല | ICDS പുനലൂർ അർബൻ, കൊല്ലം | അപേക്ഷ (മാതൃ ജില്ലയിലേക്ക്) |

തസ്തികമാറ്റ നിയമനം മുഖേനെ ക്ലാർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

<u>പകർപ്പ് :</u>

1. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തിരുവനന്തപുരം/കൊല്ലം/കോഴിക്കോട്/കണ്ണൂർ
2. പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം/കൊല്ലം/കോഴിക്കോട്/കണ്ണൂർ
   ശിശു വികസന പദ്ധതി ഓഫീസർ,ICDS പുനലൂർ അർബൻ, ICDS പാറശ്ശാല, ICDS

3. വടകര അർബൻ, ICDS കണ്ണൂർ അർബൻ

4. സൂപ്രണ്ട് മഹിളാ മന്ദിരം കോഴിക്കോട്

5.. സൂപ്രണ്ട് ഐടി സെൽ(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)

6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Suniel

സൂപ്രണ്ട്